# ആകാശഗംഗ

ചങ്ങമ്പുഴ

Digitized By Kerala Sahitya Akademi

# ആകാശഗംഗ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ആകാശഗംഗ

(ഒരു ജപ്പാനീസ് കാവ്യം)

പരിഭാഷകൻ

ചങ്ങമ്പുഴ കൃഷ്ണപിള്ള, എം. എ.

ഇടപ്പള്ളി.

Publishers
THE MANGALODAYAM LTD
TRICHUR.

Digitized By Kerala Sahitya Akademi

First Impression
in Medom, 1121
(1000 Copies)

All rights reserved
by
MRS. SREE DEVI CHANGAMPUZHA
"SREE DEVI MANDIRAM"
EDAPPALLY
(N. TRAVANCORE)

Price
Rupee One

Printed at
The Mangalodayam Press,
Trichur

Digitized By Kerala Sahitya Akademi

# ആകാശഗംഗ

[എ. ഡി. എട്ടാംശതകത്തിൽ ജപ്പാനിൽ പ്രസിദ്ധീകൃത
മായ 'മന്ന്യോഷു' എന്ന കാവ്യസമാഹാരഗ്രന്ഥ
ത്തിലെ, അജ്ഞാതനാമനായ ഒരു മഹാക
വിയുടെ ഒരു മനോഹരകാവ്യത്തിന്റെ
സ്വതന്ത്രപരിഭാഷ]

Digitized By Kerala Sahitya Akademi

[ലാഫ്കാഡിയോ ഹേണിന്റെ
ഇംഗ്ലീഷ് വിവർത്തനത്തിൽനിന്ന്]

Digitized By Kerala Sahitya Akademi

വരികയാ,ണീ വാനവ-
വാഹിനീതീരത്തിൽ
വരികയാണിന്നു മൽ-
ജ്ജീവനാഥൻ.

ചിരകാലമായി ഞാൻ കൊതി-
യാർന്നു കാക്കുന്ന-
തൊരു ദിനമെൻ പ്രിയതമനെ-
ക്കണ്ടുമുട്ടാൻ.

മമ മഞ്ജുളമണിമേഖല മതി-
മോദമൊട്ടേറെക്കണ്ടും
മധുരമുഹൂർത്ത-
മടുത്തുപോയി!

Digitized By Kerala Sahitya Akademi

൧

"പരിപാവനമാമിസ്സനാ-
തനസംഗത്തിൽ-
പ്പരിലസിച്ചീടുമി-
ത്തടിനിതന്നിൽ;

അലയുമലമാലകളിലുലയും
തൻ തോണിയി-
ലലഘുകൗതുകഫല-
ഭരിതനായി,

വരുമിന്നീ രാത്രിയി,ലൊരു
സംശയമില്ല മേ:
വരുമിന്നെന്നരികിലെൻ
ഹൃദയനാഥൻ!

൨

"അണയുന്നു, പോകുന്നു, കളൂർ-
കാറുകൾ മുകിൽമാലക-
ളണുപോലും തടവിയലാ-
തിരുകരയിൽ.



Digitized By Kerala Sahitya Akademi

ശരി,യെന്നാ,ലകലത്തിലവശ-
നായമരു,മെൻ
വരനും, വിരഹാകുല-
യാമെനിക്കും,

തരമാവുകില്ലല്ലോ കൈ •
മാറാനന്യോന്യ-
മൊരു മട്ടിലുമാത്മ-
സന്ദേശമൊന്നും!

൪

"മറുകരയിലേയ്ക്കൊരാൾക്കൊരു
കൊച്ചുകല്ലെട-
ുത്തെറിയുവാൻ സാധിക്കും
നിഷ്പ്രയാസം:

എന്നാലു,മിലപൊഴിയും
കാലത്തിലല്ലാതൊ-
ന്നന്യോന്യദർശന-
മാഗ്രഹിക്കാൻ,



Digitized By Kerala Sahitya Akademi

തരമില്ല, മോഹിച്ചാൽ ഫല-
മില്ല, കഷ്ടം,മി-
സ്സുരവാഹിനി ഞങ്ങളെ
വേർപെടുത്തി.

അത്തലിയന്നക്കരെയു-
മിക്കരെയും നിന്നെന്നു-
മശ്രുപൊഴിക്കേണം, ഹാ,
നിഹതർ ഞങ്ങൾ!

൭

"ഇലപൊഴിയും കാലത്തെക്കുളി-
രിളകും തൈത്തെന്ന-
ലലയാൻ തുടങ്ങിയ
നാൾമുതല്ക്കേ;

അതികുതുകപൂർവ്വക-
മെന്നോടുതന്നെ ഞാ-
നിതുവിധം ചോദിച്ചു-
കൊണ്ടിരുന്നു:—



Digitized By Kerala Sahitya Akademi

'വന്നല്ലോ, ശുഭകാലം
    വന്നല്ലോ, ഹാ, ഞങ്ങ-
ളെന്നിനിയൊന്നന്യോന്യം
    കണ്ടുമുട്ടും?'—

ശരിതന്നെ, കാത്തു ഞാൻ—ചിര-
    കാലപ്രാർത്ഥിതനെൻ
വരനെന്നാലിപ്പൊഴിതാ
    വന്നുപോയി!

൩

"പെരുകിയിട്ടില്ലേറെസ്സുര-
    ഗംഗയിൽ ജല,മെന്നാ-
ലരികിലെഴുമരുവിയിത്തു
    തരണം ചെയ്യാൻ,

അരുതിപ്പൊഴു,മെങ്ങനെ പി-
    ന്നക്കരയിൽച്ചെന്നു ഞാ-
നിരവിതിലെൻ കാമുകനെ-
    ക്കാത്തു നില്ക്കും?......"

* *
*



Digitized By Kerala Sahitya Akademi

'അരികത്താണവൾ നില്പതു,
നന്നായിട്ടിങ്ങവൾതൻ
കരതലാഹ്ളാദന-
ചലനം കാണാം.

എന്നാലു,മൊരുവഴിയി,ല്ലില-
പൊഴിയും കാലം, ഹാ,
വന്നല്ലാതക്കരയിൽ-
ച്ചെന്നു പററാൻ!

൮

'ഒരു നിമിഷം, ഹാ, ഞങ്ങൾ
വേർപെട്ട വേളയി-
ലൊരു നോക്കേ ഞാനവളെ-
ക്കണ്ടതുള്ളൂ:



Digitized By Kerala Sahitya Akademi

അതുമൊരു നിഴൽപോലെ—
ഞൊടിയിടയിൽ, മൂടലി-
ലതിദൂരത്തൊരു ചഞ്ചല-
ശലഭംപോലെ!

•

കളമൊഴിയെക്കാണുവാനിട-
യിനിയൊന്നാവോളം
കഴിയണം മോഹിച്ചു
നിഷ്ഫലം ഞാൻ!......'

* *
*



Digitized By Kerala Sahitya Akademi

“സ്വപ്നയമെത്തുകയാണെന്നു
തോന്നുന്ന തോണിയിൽ
പ്രിയതമയെക്കാണുവാൻ
‘ഹിക്കോബോഷി’.

എന്തെന്നാൽ, സ്വർഗംഗയിലൂയ-
രുന്നുണ്ടകലെച്ചില
പങ്കായച്ചാലുകൾതൻ
ശീകരങ്ങൾ.

അവയൊന്നിച്ചൊരു നേരിയ
മൂടൽമഞ്ഞിൻ ശുഭ്ര-
യവനികയായ് നദി നീളെ-
പ്പരിലസിപ്പൂ!

വ്യ

Digitized By Kerala Sahitya Akademi

൫

''ഹിമധാരാശിശിരിതമിസ്സര-
തടിനീതീരത്തിൽ
മമ നാഥനെ ഞാനേവം
കാത്തിരിക്കെ;

നറുനറുത്തുള്ളൊരെന്നുടയാട-
ത്തളിർവക്കുകൾ
നനയാനിടയെന്നുട്ടോ
വന്നുകൂടി.

൬

''ശ്രാവണികനിശയി,ലീ വര-
വാനവവാഹിനിയിൽ
മേവും കടത്തുകട-
വിലെങ്ങും,

കലിയിട്ടിട്ടുച്ചത്തി,ലിളകി-
മറിഞ്ഞെത്തുക,യാ-
ണലമാലകളങ്ങനെ
മാറി മാറി!

ൻ



Digitized By Kerala Sahitya Akademi

ഒരു പക്ഷേ വന്നേക്കാമിപ്പോഴും -
    ത്തൻ തോണിയിൽ, ഞാൻ
ചിരനാളായ്ക്കാക്കുമെൻ
    പ്രാണനാഥൻ!.......''

* *
*



Digitized By Kerala Sahitya Akademi

‘നീളമെഴും കൈയുറകൾക്കിയലു-
മാച്ചുരുളുകൾ
നീളെ നിവർത്തിക്കൈക്ക-
ത്തണ്ടു മൂടി;

‘ടനാമ്പാററ’യുറക്കമോ,ണരുണ-
ദ്യുതി വിതറിക്കൊ-
ണ്ടിനി മിന്നിപ്പുലർകാല-
മതെത്തുവോളം,

ജലവീഥിയിലലയുമെൻ
ചക്രവാകങ്ങളേ,
വിലപി,ച്ചവളെ നിങ്ങ-
ളുണർത്തരുതേ!

Digitized By Kerala Sahitya Akademi

൫

'ഒരു മൂടൽമഞ്ഞെത്തി സ്സുര-
ഗംഗയെ മൂടുന്ന-
തരുമയവൾ കാണും, മൂടൻ
കരുതുമേവം:—

"ഇന്നു വരു,മിന്നു വരും, ചിര-
നാളായ്ക്കാക്കുമെൻ
ഹൃന്നായകനിന്നു വരു-
മെന്നരികിൽ!"………'

*   *

"സ്വരഗംഗയി,ലാ 'യാസ്സ്'ക്കട-
വരികിൽ,ത്തിരകളി-
ലൊരു കൊച്ചു കളിത്തോണി
തത്തി നില്പു!

ഞാനിവിടെക്കാത്തിതാ
നിൽക്കുകയാണെന്നെൻ
പ്രാണേശനൊടൊന്നയ്യോ,
പറയണമേ!......"

* *
*



Digitized By Kerala Sahitya Akademi

‘ഒരു താരകദേവൻ ഞാൻ, കഴിയു–
മെനിക്കിഷ്ടംപോൽ–
സ്സുരപഥം മുഴുവനും
സഞ്ചരിക്കാൻ.

എന്നാലു,മൊക്കില്ലിവ–
നോമനേ, നിന്നെയീ
വിണ്ണാറു കടന്നക്കരെ
വന്നു കാണാൻ!

൨

‘ശൃംഖലങ്ങളെണ്ണായിരമേന്തു–
മദ്ദേവൻതൻ
കാലം തൊട്ടെൻവധുവാ–
ണവ,ളെന്നാലും:



Digitized By Kerala Sahitya Akademi

അറിയാനിടയായിട്ടില്ലാക്ക് -
മതാ വൃത്താന്തം
പരമരഹസ്യമാ -
യൊളിവിൽനിന്നു.

എന്നാ,ലവളോടെനിയ്ക്കുനി -
യന്ത്രിതമാംമട്ടി - -
ലെന്നാളും തോന്നിടുമീ -
യാശമൂലം,

അറിയാനിടയായയേവം
മർത്ത്യനംകൂടിയി -
ന്നവളോടെനിക്കെഴും
ശുദ്ധബന്ധം!

൩

'ഭുവനവും വാനവും വേർ -
പെട്ട കാലം തൊ -
ട്ടവളെൻ പ്രിയസഹധർമ്മിണി -
യായിരുന്നു.



Digitized By Kerala Sahitya Akademi

എന്നാലും, കാക്കണമല-
പൊഴിയും നാളോള-
മെന്നെന്നു,മെനിയ്ക്കുവളോ-
ടൊത്തു ചേരാൻ!

൪

'ചേണഞ്ചും ശോണിമ കവി-
ളിണയിൽ തഞ്ചു,മെൻ
പ്രാണാധിനായികയോ-
ടൊത്തുകൂടി;

തളിരുകളും മലരുകളും വിത-
റിയതാമൊരു ശിലാ-
തളിമത്തിൽ,സ്സുഖസുപ്തിയി-
ലാണ്ടലിയാൻ;

ഈ രാത്രിയിൽ, നിശ്ചയം, സുരു-
ചിരസുരഗംഗാ-
തീരത്തിലിറങ്ങി ഞാൻ
ചെന്നു ചേരും!......'

* *
*

൧൯

Digitized By Kerala Sahitya Akademi

"ഇലപൊഴിയും കാലത്തെക്കുളിർ-
കാററിൽ, വിണ്ണാററിൽ,
ജലശൈവലവലയാവലി-
യിളകിടുമ്പോൾ;

സുരഗംഗയിലൂടനകലെക്കേൾക്കാ-
മൊരു രാത്തോണി
തെരുതെരെത്തുഴയും
ചില ശബ്ദഘോഷം!—

അലമാലകൾ തുഴ തട്ടി പ്ലാച്ചായി-
ഗ്ഗുളുഗ്ഗുളുവെ-
ന്നൊലികൾ വമിച്ചിളകു-
മതിൻ മാറെറാലികൾ!......"

* *
*



Digitized By Kerala Sahitya Akademi

‘രജനിയിലെൻ രമണിയുമൊ-
ത്തൊരുമിച്ചന്യോന്യം
രമണീയരതോപ-
ധാനം മാറി;

നിദ്രചെയ്തീടുമ്പോൾപ്പുലർ-
കാലം വന്നാലും
നിർദ്ദയം കുക്കുടമേ,
കൂകരുതേ!

൨

‘പരകോടിജന്മങ്ങളഭി-
മുഖമായന്യോന്യം
കരതളിരിൽക്കരതളിർ കോർ-
ത്തമരുകിലും;

കരകവിയും ഞങ്ങൾതൻ മധു-
മധുരപ്രണയത്തി-
നൊരു നാളുമറുതി വരി-
ല്ലൊരു വിധവും!

ഫവ്യ

Digitized By Kerala Sahitya Akademi

കരളലിവില്ലാതിസ്സര-
ലോകം പിന്നെന്തിനു
കരുതുന്നതു ഞങ്ങളെ
വേർപെടുത്താൻ?

൯

'മനതാരിൽക്കുതുകത്തൊടു, നിജ
നിലയത്തിങ്കലെൻ
'ടനബാററ' ന്നെയ്തൊരാ
മൃദുലവസ്ത്രം;

പരിചിലെൻ മേനിയിലണിയു-
വതിനിന്നിപ്പോ-
ളൊരു മഞ്ജുളകഞ്ചുക-
മായ്ത്തീർന്നിരിക്കും!

൰

'അരുമയവളകലെയാ-
ണഞ്ഞൂറു വെൺമുകിൽ-
ച്ചുരുളുകൾക്കകലെ മറ-
ഞ്ഞവളിരിപ്പൂ!

ററൻ

Digitized By Kerala Sahitya Akademi

എന്നാലും, നിത്യം നിശയിങ്ക-
ലെന്നനുജയാം
കൺമണിതൻ വസതിയെ
ഞാനുററുനോക്കും!......’

* *
*



Digitized By Kerala Sahitya Akademi

“ഇലപൊഴിയും കാലം വന്നെത്തു-
മ്പോൾ,സ്സുരനദിയിൽ-
ക്കുളുർമൂടൽമഞ്ഞുകൾ
പരന്നീടുമ്പോൾ;

തിരിയുമുടൻ തടിനീതട-
മേഖലയിലേല്ലു ഞാൻ
തിരളുമത്യാശയോ-
ടകതളിരിൽ!

കുറെയൊന്നുമല്ലോർക്കിലന-
വധിയാണെൻ മോഹം
നിറയുന്നോരത്തരം
യാമിനികൾ!



Digitized By Kerala Sahitya Akademi

൨

“എന്നാലും കൊല്ലത്തിലൊരു
നാളി,ലേഴാമതു
വന്നീടും മാസത്തി-
ലേഴാം നാളിൽ;

ചേണഞ്ചിടുമാ രാത്രിയിലല്ലാ-
തെൻ രമണനെ-
ക്കാണാനെനിക്കുഴ്യോ,
തരമില്ലല്ലോ!

൩

“ഒരു രാത്രിയിൽ മാത്രം!—ഹാ,
ഞങ്ങൾക്കൊന്നന്യോന്യം
പരമപവിത്രമ-
പ്രണയപൂരം,

പകരാനിടയായില്ല, പരി-
തൃപ്തിയുമായില്ല
പകലപ്പോഴേയ്ക്കുമതാ
വന്നുപോയി!



Digitized By Kerala Sahitya Akademi

൪

"ഒരു നീണ്ടകൊല്ലത്തെ-
പ്രണയാഭിലാഷങ്ങ-
ളൊരു നിശകൊണ്ടിന്നൊന്നോ-
ടൊത്തൊടുങ്ങി;

ഇനി നാളെമുതൽക്കിങ്ങനെ മമ
നാഥനെയോർത്തയ്യോ,
മനമുരുകിക്കഴിയണ-
മനുദിനം ഞാൻ!

൫

"അനുരാഗപരവശയാം
'ടനബാററാത്സ്യൂമേ'യു-
മനുകനാമാ 'ഹിക്കോ-
ബോഷി'യുമായ്;

നിയമിതമാം സന്ദർശനോ-
ത്സവം കൊണ്ടാട്ടം
നിശയാണിതു—നിങ്ങ-
ളറിഞ്ഞുകൊൾവിൻ!



Digitized By Kerala Sahitya Akademi

അതുമൂലമനവേലം സുര-
ഗംഗയിലലയുന്നോ-
രലമാലകളേ, നിങ്ങ-
ളുയരരുതേ!.........”

*　*
*



Digitized By Kerala Sahitya Akademi

'ഇല പൊഴിയും കാലത്തെക്കുളിർ-
കാററിലുലഞ്ഞുല-
ഞ്ഞിവിടേയ്ക്കണയുന്നൊരാ
വെള്ളിമേഘം;

സുന്ദരിയെൻ 'ടനബാററാത്സ്യമേ'
തൻ സ്വർഗ്ഗീയ-
സന്ദേശഹരനാകാ-
മാരറിഞ്ഞു?......'

* *
*

൨(൩)



Digitized By Kerala Sahitya Akademi

"പരിചിലിടസ്സിടെക്കാണാൻ
തരപ്പെട്ട-
മൊരുവനല്ലല്ലോ മ-
ജ്ജീവനാഥൻ.

അരുതിനിത്താമസം സുര-
ഗംഗയിലൂടെയ-
ച്ചെറുതോണി തുഴ്,ഞ്ഞതള്ളോ,
വരിക വേഗം!

വെറുതേയമാന്തത്താൽ വില-
പെട്ടമീരാത്രിയിൽ-
ക്കുറെനേരം പാഴായാൽ-
കഷ്ടമല്ലേ?......

ഉഷ

Digitized By Kerala Sahitya Akademi

# ആകാശഗംഗ

൧

"നേരം കുറെ വൈകിയിസ്സുരഗംഗ-
യിലിരവിലൊരു
നേരിയ മൂടൽമ-
ഞ്ഞാപതിപ്പൂ.

പുഴയിലെൻപ്രിയ'ഹിക്കോബോഷി'
പങ്കായത്താൽ-
ത്തുഴയും സ്വരവീചികൾ
സംക്രമിപ്പൂ.

൨

"തെരുതെരെക്കേൾക്കുന്നു സുര-
ഗംഗയിലകലെനി-
ന്നൊരു നിനദ,മനുമാത്രം
വ്യക്തമായി.

അതു 'ഹിക്കോബോഷി'യത്തോണി-
തുഴഞ്ഞീടുമ്പോ-
ളലകൾ മുറിഞ്ഞുതിരുന്ന
ശബ്ദമല്ലേ?



Digitized By Kerala Sahitya Akademi

൪

“ദ്രുതഗതിയിൽ മൽപ്രിയൻ തുഴ-
യുമ്പോഴുൾപ്പുളകായ-
ക്കതിയിൽത്തിരമാലകൾ
നുറുനുറുങ്ങായ്;

ചിന്നിത്തെറിച്ചതിരും കുളിർ-
ശീകരധാരയായ്
വന്നിടാമീയന്തി-
ച്ചാററലുകൾ!

൫

“നാളെമുതൽ, ക്കഷ്ടമെൻ മണി-
മെത്ത വിരിച്ചാത്മ-
നായകനെയോർത്തോർ-
ത്തതിദീനയായി,

കഴിയണം കണ്ണീരും കൈയു-
മായ്—സുഷുപ്തിയിൽ
മുഴുകണ, മയ്യോ, ഞാ-
നേകയായി!



Digitized By Kerala Sahitya Akademi

“സുരഗംഗയിലൂടനീളം കാററടി-
കൾക്കുളക്കേറി-
ത്തിരമാലകളൊട്ടുക്കു-
യന്നുപോയി.

ഒരു കളിത്തോണിയിൽക്കയറി-
യൊന്നിക്കരയിൽ
വരുവാനിനിയങ്ങൊട്ടും
വൈകരുതേ!

കരുതരുതേ മടി തെല്ലു-
മയ്യോ, ഞാനങ്ങുതൻ
കഴൽപിടിച്ചിരിപ്പൂ
ജീവനാഥ!......”

*　*
*



Digitized By Kerala Sahitya Akademi

'സ്വച്ഛലോകതരംഗിണിയി-
ലല്ലല്ലാ, പെട്ടെന്നാ-
ക്കല്ലോലമൊട്ടുക്ക-
യന്നുവല്ലോ!

എന്നാലും, തെരുതെരെത്തുഴ-
യേണ,മിരുട്ടുംമുൻ-
പിന്നെനിക്കെത്തീടണ-
മക്കരയിൽ!......'

*  *
*



Digitized By Kerala Sahitya Akademi

"കാലം കുറെയായല്ലോ നെയ്തു
ഞാൻ തീർത്തി,ട്ടെൻ
കാമുകനു നൽകാ,നീ
മൃദുലവസ്ത്രം.

ഇന്നന്തിയിലവസാനത്തുന്നൽ_
പ്പണികൂടിയും
നന്നായിച്ചെയ്തിട്ടു ഞാൻ
പൂർത്തിയാക്കി.

ആനന്ദദായകനാമവനെ_
ത്തുന്നിലല്ലോ!—
ഞാനിനിയുമെന്തിനിടം
കാത്തിരിപ്പൂ?......



Digitized By Kerala Sahitya Akademi

൨

"അമരാപഗയിങ്കൽനിന്നുയരു-
വതെ,ന്തുഗ്രമാ-
മലമാലകളലറീടു-
മിരമ്പമല്ലേ?

മുന്നോട്ടിരുളിൽപ്പുതഞ്ഞിരവു
നീങ്ങുന്നു;—ഹാ,
വന്നിട്ടില്ലെന്നിട്ടും
'ഫിക്കോബോഷി!'

൩

"ഇലപൊഴിയും കാലത്തെക്കുളിർ
കാററുവീശുവാ-
നിടയായോരാദ്യത്തെ
ദിവസംതന്നെ;

അതികുതുകമുൾക്കൊണ്ടി-
റങ്ങിത്തിരിച്ചേ,നീ-
യമരസരിൽത്തീരത്തേ-
ക്കേകയായ് ഞാൻ!



Digitized By Kerala Sahitya Akademi

നില്ക്കുകയാണിപ്പോഴും കാത്തി-
വിടെ ഞാ,നെന്നൊ-
ന്നുൾക്കനിവാർന്നെൻപ്രിയനോ-
ടോതണമേ!......"

* *
*



Digitized By Kerala Sahitya Akademi

'കരുതുന്നു ഞാനിപ്പോൾ
'ടനബാററ'യിങ്ങോട്ടു-
വരികയാണെന്നവൾതൻ
തോണിയിങ്കൽ:

എന്തെന്നാൽ നീങ്ങുന്നുണ്ടൊരു
മേഘം, കുറുകെയ-
ച്ചന്ദ്രൻതൻ ലളിതാസ്യ-
മദൃശ്യമാക്കി!!......'

* * *

നൂര്

Digitized By Kerala Sahitya Akademi

# പുതിയ പുസ്തകങ്ങൾ

1. ശ്രീമൽഭഗവദ്ഗീത—സവ്യാഖ്യാനം—(വ്യാഖ്യാതാവ്: പണ്ഡിതരാജൻ പി. എസ്സ്. അനന്തനാരായണശാസ്ത്രി) വില 10ക.
2. ശ്രീദേവീമാഹാത്മ്യം—ശുദ്ധമായ പാഠം, പരിഭാഷ, പാഠാന്തരങ്ങൾ, മന്ത്രവിഭാഗം ഇവയോടുകൂടിയ പുതിയ പരിഷ്കരിച്ച പതിപ്പ്. പണ്ഡിതരാജൻ പി. എസ്സ്. അനന്തനാരായണശാസ്ത്രികളെഴുതിയത്. വില 2ക. 8ണ.
3. പൊലിഞ്ഞ ദീപം—ഗദ്യനാടകം—നാഗവള്ളി ആർ. എസ്സ്. കുറുപ്പ്. വില 1ക. 4ണ.
4. ദീനാമ്മ—കേശവദേവിന്റെ വികാരോത്തേജകങ്ങളായ അഞ്ചു ചെറുകഥകൾ. വില 1ക. 4ണ.
5. കൊച്ചുതമ്പുരാട്ടി—സുപ്രസിദ്ധ ചെറുകഥാകാരനായ കാരൂർ അവർകളുടെ പുരോഗമനപരമായ 8 ചെറുകഥകൾ. വില 1ക. 4ണ.
6. കാളവണ്ടി—വി. വി. എന്ന തൂലികാനാമധേയത്താൽ പ്രസിദ്ധനായ ശ്രീ. വള്ളത്തോൾ വാസുദേവമേനോൻ എഴുതിയ 7 ചെറുകഥകൾ. വില 1ക. 8ണ
7. തേന്തുള്ളികൾ—പി. സി. കുട്ടികൃഷ്ണന്റെ ചെറുകഥാസമാഹാരം. പേജ് 204. വില 2ക.
8. കർപ്പൂരചരിതഭാണം— മഹാകവി വള്ളത്തോളിന്റെ തർജ്ജമ വില 10ണ.
9. പുള്ളിമാൻ—എസ്സ് കെ. പൊറ്റെക്കാട്. വില 1ക. 8ണ.
11. നിമിഷം—ജി. ശങ്കരക്കുറുപ്പ് വില 1ക.

ആവശ്യപ്പെടേണ്ടും മേൽവിലാസം:

മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴയുടെ കൃതികൾ

| | | | |
|---|---|---|---|
| രമണൻ | 1 | 8 | 0 |
| സ്പന്ദിക്കുന്ന അസ്ഥിമാടം | 2 | 0 | 0 |
| അപരാധികൾ | 1 | 0 | 0 |
| കളിത്തോഴി | 2 | 8 | 0 |
| ദേവഗീത | 2 | 0 | 0 |
| ദിവ്യഗീതം | 1 | 8 | 0 |
| ബാഷ്പാഞ്ജലി | 1 | 8 | 0 |
| രക്തപുഷ്പങ്ങൾ | 1 | 4 | 0 |
| സങ്കല്പകാന്തി | 1 | 4 | 0 |
| സാഹിത്യചിന്തകൾ | 1 | 0 | 0 |
| ആരാധകൻ | 0 | 8 | 0 |
| വത്സല | 0 | 8 | 0 |
| മോഹിനി | 0 | 8 | 0 |
| തിലോത്തമ | 0 | 8 | 0 |
| ദേവത | 0 | 8 | 0 |
| ചൂഡാമണി | 1 | 0 | 0 |
| ശ്രീതിലകം | 1 | 0 | 0 |
| കലാകേളി | 0 | 12 | 0 |
| ആകാശഗംഗ | 1 | 0 | 0 |
| വിവാഹാലോചന | 0 | 8 | 0 |
| അനശ്വരഗാനം | 0 | 8 | 0 |
| കരടി | 0 | 8 | 0 |
| നവഭാവന (ശ്രീദേവി ചങ്ങമ്പുഴ) | 0 | 8 | 0 |
| ഇടപ്പള്ളി രാഘവൻപിള്ളയുടെ കൃതികൾ | 5 | 0 | 0 |

മംഗളോദയം ലിമിറ്റഡ്,

തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi